**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 482** **30-01-2024 - ൽ മറുപടിയ്ക്ക്**

**വിധവ, അവിവാഹിത പെൻഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | വിധവ, അവിവാഹിത പെൻഷൻ ഗുണഭോക്താക്കൾ അവിവാഹിത, പുനർവിവാഹ സർട്ടിഫിക്കറ്റുകൾ യഥാസമയം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നൽകിയിട്ടും പെൻഷൻ ലഭിക്കാത്ത വിഷയം ധനകാര്യവകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ചില പരാതികൾ ലഭിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളത് ? | (ബി) | 15.02.2019-ലെ സ.ഉ(എം.എസ്)നം. 88/2019/ധന ഉത്തരവു പ്രകാരം അവിവാഹിത പെൻഷൻ/ വിധവാ പെൻഷൻ ഗുണഭോക്താക്കൾ വിവാഹം/ പുനർ വിവാഹം ചെയ്തിട്ടില്ലാ എന്നു തെളിയിക്കുന്ന ഒരു ഗസറ്റഡ് ഓഫീസറുടെ/ വില്ലേജ് ഓഫീസറിൽ കുറയാതെയുള്ള റവന്യൂ അധികാരികൾ നൽകുന്ന സർട്ടിഫിക്കറ്റ് **എല്ലാ വർഷവും ഡിസംബർ മാസത്തിൽ** ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയ്ക്ക് സമർപ്പിക്കേണ്ടതാണെന്ന് ഉത്തരവായിരുന്നു. തുടർന്ന് നം. 1075328/ എസ്.എഫ്.സി ബി2/2019/ധന കത്ത് പ്രകാരം പുനർ വിവാഹിത സാക്ഷ്യപത്രത്തിലെ തീയതി മുതൽ 3 മാസത്തിനുള്ളിൽ സർട്ടിഫിക്കറ്റുകൾ അപ്-ലോഡു ചെയ്യേണ്ടതാണെന്നും നിർദ്ദേശം നൽകിയിരുന്നു. 23.09.2020-ലെ സ.ഉ (എം.എസ്)നം. 97/2020/ ധന. പ്രകാരം വിധവാ പെൻഷൻ / അവിവാഹിത പെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ പ്രസ്തുത സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതുവരെ താത്ക്കലികമായി തടഞ്ഞുവയ്ക്കേണ്ടതും, **സർട്ടിഫിക്കറ്റ് ലഭ്യമാകുന്ന മുറയ്ക്ക് പ്രാദേശിക സർക്കാർ സെക്രട്ടറി പെൻഷൻ പുനസ്ഥാപിച്ച നൽകേണ്ടതുമാണെന്നാണ്** നിർദ്ദേശിച്ചിരുന്നത്. 30.01.2023-ലെ 1599207/ എസ്.എഫ് സി.ബി2/2020/ധന കത്ത് പ്രകാരം, വിവാഹിത/ പുനർവിവാഹിത അല്ലായെന്ന സർട്ടിഫിക്കറ്റുകൾ സേവന സൈറ്റിൽ അപ്-ലോഡു ചെയ്യുന്നതിന് 2023 ഫെബ്രുവരി 1 മുതൽ മെയ് 20 വരെ (പെൻഷൻ ബിൽ പ്രോസസ് ചെയ്യുന്ന ദിവസങ്ങളൊഴികെ) പ്രാദേശിക സർക്കാരുകൾക്ക് |

| | | | |
|---|---|---|---|
| | | | സമയം ദീർഘിപ്പിച്ച് നൽകിയിരുന്നു. സർട്ടിഫിക്കറ്റുകളുടെ അപ്രൂവൽ എല്ലാ മാസവും 1 മുതൽ 20 വരെ (ബിൽ പ്രോസസ്സിംഗിനായി സൈറ്റ് ക്ലോസ്സ് ചെയ്യുന്ന തീയതി വരെ മാത്രം) നടത്തേണ്ടതാണെന്നും, 2023 മെയ് 20-നുള്ളിൽ സർട്ടിഫിക്കറ്റുകൾ അപ്രൂവ് ചെയ്യാത്തവരുടെ പെൻഷൻ തടയേണ്ടതും, തുടർന്നുള്ള മാസങ്ങളിൽ സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുന്ന മുറയ്ക്ക് പ്രാദേശിക സർക്കാർ സെക്രട്ടറി ആയതിന് അപ്രൂവൽ നൽകേണ്ടതാണെന്നും ഇപ്രകാരം സർട്ടിഫിക്കറ്റുകൾ അപ്രൂവ് ചെയ്യുന്ന മാസം മുതൽക്കുള്ള പെൻഷൻ ലഭിക്കുന്നതിനേ ഗുണഭോക്താവിന് അർഹതയുണ്ടായിരിക്കുകയുള്ളൂവെന്നും ഇക്കാരണത്താൽ തടയപ്പെടുന്ന പെൻഷൻ കുടിശ്ശികയ്ക്ക് ഗുണഭോക്താവിന് അർഹതയുണ്ടായിരിക്കുന്നതല്ലായെന്നും യഥാസമയം അപ്-ലോഡു ചെയ്ത് അപ്രൂവ് ചെയ്യാത്തത് കാരണം ഗുണഭോക്താവിനുണ്ടാകുന്ന നഷ്ടത്തിന് ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറി ഉത്തരവാദിയായിരിക്കുമെന്നും പഞ്ചായത്ത് ഡയറക്ടർ നഗരകാര്യ ഡയറക്ടർ, എന്നിവരെ അറിയിച്ചിരുന്നതും പ്രസ്തുത സർട്ടിഫിക്കറ്റുകൾ സേവനയിൽ സമയബന്ധിതമായി അപ്-ലോഡ് ചെയ്യുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് കർശന നിർദ്ദേശം നൽകിയിരുന്നതുമാണ്. കൂടാതെ 'പുനർവിവാഹിതയല്ല' എന്ന സാക്ഷ്യപത്രം സമർപ്പിച്ചിട്ടും ഗുണഭോക്താക്കൾക്ക് വിധവാ/ 50 വയസ്സ കഴിഞ്ഞ അവിവാഹിത പെൻഷൻ ലഭ്യമായിട്ടില്ല എന്ന പരാതി ലഭിച്ചതിനെത്തുടർന്ന് 2647259/SFC-B1/317/2023-FIN എന്ന ഫയലിൽ പ്രസ്തുത വിഷയം പരിശോധിച്ച്, ആയതിൽ റിപ്പോർട്ട് ലഭ്യമാക്കുവാൻ പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ടി റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ